**മധുരമായ കുട്ടികളേ – എത്രയും ഓർമ്മയിൽ ഇരിക്കുന്നുവോ, പവിത്രമായി മാറുന്നുവോ അത്രയും പാരലൗകിക മാതാപിതാവിൽ നിന്നും ആശീർവ്വാദ ങ്ങൾ ലഭിക്കും, ആശീർവ്വാദങ്ങൾ ലഭിക്കുന്നതിലൂടെ നിങ്ങൾ സദാ സുഖി യായി മാറും.**

**ചോദ്യം:–** അച്ഛൻ മുഴുവൻ കുട്ടികളേയും ഏത് നിർദ്ദേശം നൽകിയാണ് വികർമ്മങ്ങളിൽ നിന്നും രക്ഷി ക്കുന്നത്?

**ഉത്തരം:–** ബാബ നിർദ്ദേശം നൽകുന്നു – കുട്ടികളേ, നിങ്ങളുടെ കൈയ്യിൽ ധനം, സമ്പത്ത് മുതലായ എന്തെല്ലാമുണ്ടോ അതെല്ലാം നിങ്ങളുടെ കൈവശം തന്നെ വെച്ചോളൂ എന്നാൽ സൂക്ഷിപ്പുകാരനാണെന്നു മനസ്സിലാക്കി മുന്നോട്ടുപോകു. ഭഗവാനേ ഇതെല്ലാം അങ്ങയുടേതാണ് എന്നാണ് നിങ്ങൾ പറഞ്ഞുവന്ന ത്. ഭഗവാൻ കുട്ടിയെ നൽകി, ധനവും സമ്പത്തും നൽകി, ഇപ്പോൾ ഭഗവാൻ പറയുന്നു ഇതിൽ നിന്നെല്ലാം ബുദ്ധിയോഗം വിടുവിച്ച് സൂക്ഷിപ്പുകാരനായി ഇരിക്കു, ശ്രീമതമനുസരിച്ച് നടക്കു എങ്കിൽ ഒരു വികർമ്മവും ഉണ്ടാകില്ല. നിങ്ങൾ ശ്രേഷ്ഠരായി മാറും.

**ഗീതം:–** മാതാപിതാവിൽ നിന്നും ആശീർവ്വാദങ്ങൾ എടുക്കൂ.....

**ഓം ശാന്തി**. ഏതു കുട്ടികളാണോ പറയുന്നത് ഞങ്ങളുടെ വായ തുറക്കുന്നില്ല, മനസ്സിലാക്കിക്കൊടു ക്കാൻ സാധിക്കില്ല എന്ന് അവരെ സെന്ററിൽ ബ്രാഹ്മിണിമാർ എങ്ങനെ പഠിപ്പിക്കും, ഇത് ശിവബാബ മന സ്സിലാക്കിത്തരികയാണ്. ചിത്രങ്ങൾ ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കുക അതി സഹജമാണ്. ചെറിയ കുട്ടികൾക്ക് ചിത്രം കാണിച്ച് പഠിപ്പിച്ച് കൊടുക്കണമല്ലോ. എല്ലാവരും വന്ന് ക്ലാസിലിരുന്നു നിങ്ങൾ മുരളി ആരംഭിച്ചു, ഇങ്ങനെയല്ലല്ലോ. ഇത് വളരെ സ്നേഹത്തോടെ ഇരുന്ന് മനസ്സിലാക്കിക്കൊടുക്കണം. കുട്ടി കൾ ഗീതം കേട്ടു– പാരലൗകിക മാതാപിതാവ് ഒന്നേയുള്ളൂ അവരെത്തന്നെയാണ് അങ്ങുതന്നെയാണ് മാതാവും പിതാവും.... എന്ന് വിളിച്ചുകൊണ്ട് ഓർമ്മിക്കുന്നത്, അവർ സൃഷ്ടിയുടെ രചയിതാവും കൂടി യാണ്. മാതാപിതാവ് തീർച്ചയായും സ്വർഗ്ഗമായിരിക്കും രചിക്കുക. സത്യയുഗത്തിൽ സ്വർഗ്ഗവാസികളായ കുട്ടികളായിരിക്കും ഉണ്ടാവുക. ഇവിടെയാണെങ്കിൽ മാതാവും പിതാവും സ്വയം നരകവാസികളായതി നാൽ നരകവാസികളായ കുട്ടികൾക്ക് തന്നെയാണ് ജന്മം നൽകുന്നത്. ഗീതത്തിൽ പറഞ്ഞു– മാതാപിതാ വിൽ നിന്നും ആശീർവ്വാദങ്ങൾ എടുക്കൂ.... നിങ്ങൾക്ക് അറിയാം ഈ സമയത്തെ മാതാപിതാക്കൾ ആശീർവ്വാദങ്ങൾ നൽകുന്നില്ല. സ്വർഗ്ഗവാസി ആശീർവ്വാദം നൽകുന്നു, ആ ആശീർവ്വാദം പിന്നീട് അര കല്പം നിലനിൽക്കുന്നു. പിന്നീട് അരകല്പത്തിനുശേഷം ശപിക്കപ്പെട്ടു, എത്ര ദുഃഖം തന്നെ ദുഃഖമാണ്, അതിനാലാണ് മാതാപിതാവിനെ ഓർമ്മിക്കുന്നത്. ഇപ്പോൾ ആ മാതാപിതാവ് ആശീർവ്വാദം നൽകുകയാ ണ്. പഠിപ്പിച്ച് പതിതത്തിൽ നിന്നും പാവനമായിക്കൊണ്ടിരിക്കുകയാണ്. ഇത് ആസുരീയ സമ്പ്രദായത്തി ലുള്ള രാവണരാജ്യമാണ്. അവിടെ ദൈവീക സമ്പ്രദായത്തിലുള്ള രാമരാജ്യമായിരുന്നു. രാവണന്റെ ജന്മവും ഭാരതത്തിൽ തന്നെയാണ്. ആരെയാണോ രാമൻ എന്നുവിളിക്കുന്നത് ആ ശിവബാബയുടെ ജന്മവും ഭാര തത്തിലാണ്. നിങ്ങൾ എപ്പോഴാണോ വാമമാർഗ്ഗത്തിലേക്ക് പോകുന്നത് അപ്പോൾ രാവണരാജ്യം ആരംഭി ക്കുന്നു. അതിനാൽ ഭാരതത്തെത്തന്നെയാണ് രാമനാകുന്ന പരമപിതാ പരമാത്മാവ് വന്ന് പതിതത്തിൽ നിന്നും പാവനമാക്കുന്നത്. രാവണൻ വരുമ്പോൾ മനുഷ്യർ പതിതമാകുന്നു. പാടുന്നുണ്ട് രാമനും പോയി, രാവണനും പോയി, അവരുടെ പരിവാരം വളരെ വലുതാണ്. രാമന്റെ പരിവാരം വളരെ ചെറുതാണ്. ബാക്കി എല്ലാ ധർമ്മങ്ങളും അവസാനിക്കുന്നു, എല്ലാം വിനാശമാകുന്നു. നിങ്ങൾ ദേവീദേവതകൾ മാത്രം അവശേഷിക്കും. ഇപ്പോൾ ബ്രാഹ്മണരായ നിങ്ങളാണ് സത്യയുഗത്തിലേയ്ക്ക് ട്രാൻസ്ഫർ ആവുക. അതാ യത് ഇപ്പോൾ നിങ്ങൾക്ക് മാതാപിതാവിന്റെ ആശീർവ്വാദം ലഭിക്കുകയാണ്. മാതാപിതാവ് നിങ്ങളെ സ്വർഗ്ഗ ത്തിന്റെ അധികാരിയാക്കുന്നു. അവിടെ സുഖം തന്നെ സുഖമായിരിക്കും. ഈ സമയത്ത് കലിയുഗത്തിൽ ദുഃഖമാണ്, സർവ്വധർമ്മത്തിലുള്ളവരും ദുഃഖികളാണ്. ഇപ്പോൾ കലിയുഗത്തിനുശേഷം സത്യയുഗം വര ണം. കലിയുഗത്തിൽ എത്രയധികം മനുഷ്യരാണ് എന്നാൽ സത്യയുഗത്തിൽ ഇത്രയും മനുഷ്യർ ഉണ്ടാകി ല്ല. എത്ര ബ്രാഹ്മണരുണ്ടോ അവരാണ് പിന്നീട് ദേവതയായി മാറുന്നത്. അതും ത്രേതായുഗം വരെ വൃദ്ധി പ്രാപിക്കും. ക്രിസ്തുവിന് 3000 വർഷങ്ങൾക്കുമുമ്പ് സത്യയുഗമായിരുന്നു എന്ന് പറയാറുണ്ട്. ക്രിസ്തു വിന് മുമ്പും ക്രിസ്തുവിനു ശേഷവും. സത്യയുഗത്തിൽ ഒരേ ഒരു ധർമ്മവും ഒരേ ഒരു രാജ്യവുമായിരു ന്നു. അവിടെ മനുഷ്യർ വളരെ കുറച്ചേ ഉണ്ടാകൂ. കേവലം ഭാരതം മാത്രം മറ്റൊരു ധർമ്മവുമില്ല. സൂര്യവം

ശികൾ മാത്രമേയുണ്ടാകൂ. ചന്ദ്രവംശികളും ഉണ്ടാവില്ല. സൂര്യവംശികളെ ഭഗവാൻ ഭഗവതി എന്നു വിളിക്കാൻസാധിക്കും എന്തുകൊണ്ടെന്നാൽ അവർ സമ്പൂർണ്ണരാണ്.

നിങ്ങൾ കുട്ടികൾക്ക് അറിയാം പതിതപാവനൻ ഒരേ ഒരു പരമപിതാ പരമാത്മാവാണ്. (ചക്രത്തിന്റെ ചിത്രത്തിനുനേരേ ചൂണ്ടിക്കൊണ്ട്) നോക്കൂ, അച്ഛൻ മുകളിൽ ഇരിക്കുകയാണ്. ഈ ബ്രാഹ്മാവിലൂടെ സ്ഥാപന ചെയ്യുകയാണ്. ഇപ്പോൾ നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. എപ്പോഴാണോ ഈ ദേവതകളുടെ രാജ്യം ഉണ്ടായിരുന്നത് അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. പിന്നീട് അരകല്പത്തിനുശേഷം വൃദ്ധി പ്രാപിക്കുന്നു. മുകളിൽ നിന്നും ആത്മാക്കൾ വന്നുകൊണ്ടിരിക്കും, വർണ്ണങ്ങൾ മാറിക്കൊണ്ടിരിക്കും, ജീവാത്മാക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കും. സത്യയുഗത്തിൽ 9 ലക്ഷം, പിന്നീട് കോടികളാകും വീണ്ടും വൃദ്ധിപ്രാപിക്കും. സത്യയുഗത്തിൽ ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, ഇപ്പോൾ ഭ്രഷ്ടാചാരിയാണ്. സർവ്വധർമ്മസ്ഥരും ശ്രേഷ്ഠാചാരിയാകും എന്നല്ല. എത്രയധികം മനുഷ്യരാണ്. ഇവിടെയും ഭ്രഷ്ടാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയാകാൻ എത്ര പരിശ്രമമാണ്. ഓരോ മിനിറ്റും ശ്രേഷ്ഠാചാരിയായി മാറി പിന്നീട് വികാരത്തിൽ വീണ് ഭ്രഷ്ടാചാരിയാകുന്നു. ബാബ പറയുന്നു ഞാൻ വന്നിരിക്കുകയാണ്, നിങ്ങളെ കറുത്തതിൽ നിന്നും വെളുത്തതാക്കി മാറ്റാൻ എന്നിട്ടും നിങ്ങൾ അടിക്കടി വീഴുന്നു. പരിധിയില്ലാത്ത ബാബ കാര്യം നേരിട്ട് പറയുന്നു. ബാബ പറയുന്നു എന്തിനാണ് കുലകളങ്കിതരാകുന്നത്, മുഖമെന്തിനാണ് കറുപ്പിക്കുന്നത്. എന്താ നിങ്ങൾ വെളുത്തവരായി മാറില്ലേ? നിങ്ങൾ അരകല്പം ശ്രേഷ്ഠരായിരുന്നു പിന്നീടാണ് കലകൾ കുറഞ്ഞത്. കലിയുഗാന്ത്യമാകുമ്പോൾ കലകൾ തീർത്തും ഇല്ലാതാകുന്നു. സത്യയുഗത്തിൽ ഭാരതം മാത്രമേയുണ്ടായിരുന്നുള്ളു. ഇപ്പോഴാണെങ്കിൽ സർവ്വധർമ്മങ്ങളുമുണ്ട്. അച്ഛൻ വന്ന് വീണ്ടും സത്യയുഗീ ശ്രേഷ്ഠസൃഷ്ടി സ്ഥാപന ചെയ്യുന്നു. നിങ്ങൾക്കും ശ്രേഷ്ഠാചാരിയായി മാറണം. ആരാണ് വന്ന് ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നത്? ബാബ പാവങ്ങളുടെ തോഴനാണ്. പൈസയുടെ കാര്യമില്ല. പരിധിയില്ലാത്ത അച്ഛന്റെ അടുത്തേയ്ക്ക് ശ്രേഷ്ഠമായിമാറാൻ വന്നാലും ലോകർ പറയും നിങ്ങൾ എന്തിനാണ് അവിടേയ്ക്ക് പോകുന്നത്. എത്ര വിഘ്നങ്ങൾ ഇടുന്നു. നിങ്ങൾക്ക് അറിയാം ഈ രുദ്രജ്ഞാനയജ്ഞത്തിൽ അസുരന്മാരുടെ വിഘ്നങ്ങൾ അനവധി ഉണ്ടാകും. അബലകൾക്കുമേൽ അത്യാചാരം ഉണ്ടാകുന്നു. ചിലർ സ്ത്രീകളെ വളരെ ബുദ്ധിമുട്ടിക്കുന്നു. വികാരത്തിനുവേണ്ടി വിവാഹം കഴിക്കുന്നു. ഇപ്പോൾ ബാബ കാമചിതയിൽ നിന്നും എടുത്ത് ജ്ഞാനചിതയിൽ ഇരുത്തുന്നു. ജന്മ-ജന്മാന്തരങ്ങളിലെ ഉടമ്പടിയാണ്. ഈ സമയം രാവണരാജ്യമാണ്. സർക്കാരും എന്തെല്ലാം ചെയ്യുന്നു. രാവണനെ കത്തിക്കുന്ന കളി കാണാൻ പോകുന്നു. ഈ രാവണൻ ഇപ്പോൾ എവിടെ നിന്നു വന്നു? രാവണൻ ജനിച്ചിട്ട് 2500 വർഷങ്ങളായി. രാവണൻ എല്ലാവരേയും ശോകവാടികയിൽ ഇരുത്തി. എല്ലാവരും ദുഃഖിയിലും ദുഃഖിയാണ്. രാമരാജ്യത്തിൽ എല്ലാവരും സുഖികളിലും സുഖിയായിരിക്കും. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. വിനാശം മുന്നിൽ നിൽക്കുകയാണ്. ഇത്രയും കോടി മനുഷ്യർ മരിക്കും എങ്കിൽ തീർച്ചയായും യുദ്ധം നടക്കില്ലേ. എല്ലാവരും ചതഞ്ഞ് അരഞ്ഞ് പോകും. ഇപ്പോൾ തയ്യാറെടുപ്പുകൾ നടക്കുന്നത് കാണാം. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഈ ജ്ഞാനം മറ്റാർക്കും നൽകാൻ കഴിയില്ല. ഈ ജ്ഞാനം ബാബ തന്നെയാണ് വന്ന് നൽകുന്നത് എന്നിട്ട് പതിതരെ പാവനമാക്കി മാറ്റുന്നു. സദ്ഗതി നൽകുന്നത് ഒരേഒരു ബാബയാണ്. സത്യയുഗത്തിലാണ് സദ്ഗതി. അവിടെ ഗുരുവിന്റെ ആവശ്യമില്ല. ഇപ്പോൾ നിങ്ങൾ ഈ ജ്ഞാനത്തിലൂടെ ത്രികാലദർശികളാവുന്നു. സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്മാർക്ക് ഈ ജ്ഞാനമുണ്ടാകില്ല. എങ്കിൽ പിന്നെ പരമ്പരയായി ഈ ജ്ഞാനം എവിടെ നിന്നുവന്നു? ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കൂ. സ്വർഗ്ഗത്തിന്റെ രാജധാനിയുടെ സ്ഥാപന ചെയ്യുന്ന ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ. തീർച്ചയായും പവിത്രമായിരിക്കണം. അത് പാവന ലോകമാണ്, ഇത് പതിതലോകമാണ്. പാവനലോകത്തിൽ കംസൻ, ജരാസന്ധൻ, ഹിരണ്യകശിപു മുതലായവർ ഉണ്ടാകില്ല. കലിയുഗത്തിലുള്ള കാര്യങ്ങളെ സത്യയുഗത്തിലേയ്ക്ക് കൊണ്ടുപോയി. ശിവബാബ വന്നിരിക്കുകയാണ് കലിയുഗത്തിന്റെ അന്ത്യത്തിൽ. ഇന്ന് ശിവബാബ വന്നു, നാളെ ശ്രീകൃഷ്ണൻ വരും. അതിനാൽ ശിവബാബയുടേയും ശ്രീകൃഷ്ണന്റേയും പാർട്ടുകളെ തമ്മിൽ കൂട്ടിക്കലർത്തി. ശിവഭഗവാനുവാചാ-എന്നിലൂടെ പഠിച്ചാണ് ശ്രീകൃഷ്ണന്റെ ആത്മാവ് ആ പദവി നേടിയത്. പക്ഷേ മനുഷ്യർ തെറ്റായി ഗീതയിൽ ശ്രീകൃഷ്ണന്റെ പേരിട്ടു. ഈ തെറ്റ് വീണ്ടും ഉണ്ടാകും. മനുഷ്യൻ ഭ്രഷ്ടാചാരിയാകുമ്പോളല്ലേ ബാബയ്ക്ക് വന്ന് ശ്രേഷ്ഠാചാരിയാക്കാൻ പറ്റൂ. ശ്രേഷ്ഠാചാരി തന്നെയാണ് 84 ജന്മങ്ങൾ പൂർത്തിയാക്കി ഭ്രഷ്ടാചാരിയായി മാറുന്നത്. ഈ ചക്രം ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. വൃക്ഷത്തിലും കാണിച്ചിട്ടുണ്ട്- താഴെ നിങ്ങൾ രാജയോഗത്തിന്റെ തപസ്യ ചെയ്യുന്നു, മുകളിൽ ലക്ഷ്മീ നാരായണന്റെ രാജ്യം കാണിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ വേരിൽ ഇരിക്കുകയാണ്, അടിത്തറയിട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ വീണ്ടും സൂര്യവംശി (വൈകുണ്ഠം) കുലത്തിലേയ്ക്ക് പോകും. കൃഷ്ണന്റെ രാജ്യത്തെ വൈകുണ്ഠം എന്നു പറയുന്നു.

ഇനി നിങ്ങളുടെ അടുത്തേയ്ക്ക് വളരെ അധികംപേർ വരും. പ്രദർശിനികളിൽ നിങ്ങളുടെ പേര് പ്രശസ്തമാകും. ഒരാൾ മറ്റൊരാളെക്കണ്ട് ഉയരും. ബാബ വന്നാണ് ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നത്. ചിത്രങ്ങളിലൂടെ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുക അതിസഹജമാണ്. സത്യയുഗത്തിന്റെ സ്ഥാപന ഭഗവാൻ വന്നാണ് ചെയ്യുന്നത്. വരുന്നതോ പതിതലോകത്തിലേയ്ക്കും. കറുത്തവരിൽ നിന്നും വെളുത്തവരാക്കുന്നു. നിങ്ങൾ കൃഷ്ണന്റെ രാജധാനിയിലെ വംശാവലികളുമാണ് പ്രജകളുമാണ്. ബാബ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു. നിരാകാരനായ ശിവബാബ ആത്മാക്കൾക്ക് ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് നിങ്ങൾ എന്നെ ഓർമ്മിക്കൂ. ഇതാണ് ആത്മീയ യാത്ര. അല്ലയോ ആത്മാക്കളേ, നിങ്ങൾ നിങ്ങളുടെ ശാന്തിധാമം, നിർവ്വാണധാമത്തെ ഓർമ്മിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ് ഇരിക്കുന്നത്. ബാബ പറയുന്നു എന്നേയും ഞാൻ നൽകുന്ന സമ്പത്തിനേയും ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ഇവിടെ സ്വർഗ്ഗത്തിലേയ്ക്ക് വരും. ആര് എത്രത്തോളം ഓർമ്മിക്കുന്നുവോ പവിത്രമായിരിക്കുന്നുവോ അത്രയും ഉയർന്ന പദവി പ്രാപ്തമാക്കും. നിങ്ങൾക്ക് എത്ര വലിയ ആശീർവ്വാദമാണ് ലഭിക്കുന്നത്– ധനവാനായി ഭവിയ്ക്കട്ടെ, പുത്രഭാഗ്യമുണ്ടാകട്ടെ, ആയുഷ്മാൻ ഭവ. ദേവതകളുടെ ആയുസ്സ് വളരെ വലുതായിരിക്കും. ഇപ്പോൾ ഈ ശരീരം ഉപേക്ഷിച്ച് പോയി കുട്ടിയായി മാറണം എന്ന സാക്ഷാത്ക്കാരം ഉണ്ടാകും. അതിനാൽ ഉള്ളിൽ ഈ ചിന്തയുണ്ടാകണം– ഞാൻ ആത്മാവ് ഈ പഴയ ശരീരം ഉപേക്ഷിച്ച് ഗർഭത്തിൽ ചെന്ന് പ്രവേശിക്കും. അന്തിമ മനം പോലെയാവും ഗതി. വൃദ്ധനായിരിക്കുന്നതിനു പകരം എന്തുകൊണ്ട് കുട്ടിയായിക്കൂട. ആത്മാവ് ഈ ശരീരത്തിന്റെ കൂടെയാണ് അതിനാലാണ് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത്. ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ടാൽ പിന്നെ ഒരു ബുദ്ധിമുട്ടും അനുഭവപ്പെടില്ല. ശരീരത്തിൽ നിന്നും വേറിട്ടാൽ എല്ലാം കഴിഞ്ഞു. നമുക്ക് ഇപ്പോൾ പോകണം, മൂലവതനത്തിൽ നിന്നും ബാബ നമ്മെ കൊണ്ടുപോകാൻ വരും. ഇത് ദുഃഖധാമമാണ്. ഇപ്പോൾ നമ്മൾ മുക്തിധാമത്തിലേയ്ക്ക് പോകും. ബാബ പറയുന്നു എല്ലാവരേയും മുക്തിധാമത്തിലേയ്ക്ക് കൊണ്ടുപോകും. ഏല്ലാ ധർമ്മത്തിലുള്ളവർക്കും മുക്തിധാമത്തിലേയ്ക്ക് പോകണം. അവർ പുരുഷാർത്ഥം ചെയ്യുന്നതും മുക്തിധാമത്തിലേയ്ക്ക് പോകുന്നതിനുവേണ്ടിയാണ്.

അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ എന്റെ അടുത്തേയ്ക്ക് വരും. ബാബയെ ഓർമ്മിച്ചു കൊണ്ട് ഭക്ഷണം കഴിക്കുകയാണെങ്കിൽ നിങ്ങൾക്ക് ശക്തി ലഭിക്കും. അശരീരിയായി മാറി നിങ്ങൾ നടന്ന് അബുറോഡ് വരെ പോകൂ, നിങ്ങൾക്ക് ഒരിയ്ക്കലും ഒരു ക്ഷീണവും തോന്നില്ല. ബാബ തുടക്കത്തിൽ ഈ അഭ്യാസം ചെയ്തിരുന്നു. ഞാൻ ആത്മാവാണ് എന്ന് കരുതും. വളരെ ഭാരരഹിതമായി മാറി നടക്കുമായിരുന്നു. ഒരു ക്ഷീണവും തോന്നുമായിരുന്നില്ല. ശരീരമില്ലാതെ നിങ്ങൾ ആത്മാക്കൾക്ക് സെക്കന്റിൽ ബാബയുടെ അടുത്തെത്താൻ സാധിക്കും. ഇവിടെ ഒരാൾ ശരീരംവിട്ടു സെക്കന്റിൽ ലണ്ടനിൽ ചെന്ന് ജന്മം എടുക്കും. ആത്മാവിന്റെ അത്രയും വേഗതയുള്ള മറ്റൊരു വസ്തുവില്ല. അതിനാൽ ബാബ ഇപ്പോൾ പറയുകയാണ്– കുട്ടികളേ, ഞാൻ നിങ്ങളെ കൊണ്ടുപോകാൻ വന്നതാണ്. ഇപ്പോൾ അച്ഛനായ എന്നെ ഓർമ്മിക്കൂ. ഇപ്പോൾ നിങ്ങൾക്ക് പ്രാക്ടിക്കലിൽ പരിധിയില്ലാത്ത പാരലൗകിക പിതാവിന്റെ ആശീർവ്വാദം ലഭിക്കുകയാണ്. ബാബ കുട്ടികൾക്ക് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ മതം നൽകുകയാണ്. ധനം സമ്പത്ത് മുതലായവയെല്ലാം നിങ്ങൾ നിങ്ങളുടെ പക്കൽത്തന്നെ വയ്ക്കൂ. കേവലം സൂക്ഷിപ്പുകാരനായി സംരക്ഷിക്കൂ. നിങ്ങൾ പറയുമായിരുന്നു– അല്ലയോ ഭഗവാനേ ഇതെല്ലാം അങ്ങയുടേതാണ്. ഭഗവാൻ സന്താനത്തെ നൽകി, ഭഗവാൻ ധനവും സമ്പത്തും നൽകി. ശരി, എങ്കിൽ ഭഗവാൻ വന്ന് പറയുകയാണ് ഇതിൽ നിന്നെല്ലാം ബുദ്ധിയോഗം വിടുവിച്ച് സൂക്ഷിപ്പുകാരനായി സംരക്ഷിക്കൂ. ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ ബാബയ്ക്ക് അറിയാൻ കഴിയും നിങ്ങൾ ഒരു വികർമ്മവും ചെയ്യുന്നില്ലല്ലോ എന്നത്. ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ തന്നെയാണ് നിങ്ങൾ ശ്രേഷ്ഠരായി മാറുന്നത്. ആസുരീയ മതത്തിലൂടെ നടന്നതിനാലാണ് നിങ്ങൾ ഭ്രഷ്ടരായത്. നിങ്ങൾ ഭ്രഷ്ടരായി മാറാൻ അരകല്പമെടുത്തു. 16 കലയിൽ നിന്നും 14 കലയാകുന്നു പിന്നീട് പതുക്കെ പതുക്കെ കലകൾ കുറഞ്ഞു വരുന്നു, അപ്പോൾ ഇതിൽ സമയമെടുക്കുമല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) നടക്കുമ്പോഴും കറങ്ങുമ്പോഴും അശരീരിയായി മാറുന്നതിനുള്ള അഭ്യാസം ചെയ്യണം. ഭോജനം ഒരച്ഛന്റെ ഓർമ്മയിൽ കഴിക്കണം.

2) മാതാപിതാവിന്റെ ആശീർവ്വാദങ്ങൾ നേടണം. സൂക്ഷിപ്പുകാരനായിരിക്കണം. ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം:- അനാസക്തരായി ലൗകികത്തെ സന്തുഷ്ടമാക്കിക്കൊണ്ടും ഈശ്വരീയ സമ്പാദ്യം സമ്പാദിക്കുന്ന രഹസ്യയുക്തരായി ഭവിക്കൂ

പല കുട്ടികളും ലൗകിക കാര്യം, ലൗകിക പ്രവൃത്തി, ലൗകിക സംബന്ധ സമ്പർക്കം നിറവേറ്റിക്കൊണ്ടും തന്റെ വിശാല ബുദ്ധിയിലൂടെ സർവ്വരെയും സന്തുഷ്ടമാക്കുകയും ഒപ്പം ഈശ്വരീയ സമ്പാദ്യത്തിന്റെ രഹസ്യം അറിഞ്ഞുകൊണ്ട് വിശേഷ ഭാഗവും എടുക്കുന്നു. ഇങ്ങനെയുള്ള ഏകനാമിയും എക്കണോമിയും അനാസക്തരുമായ കുട്ടികൾ അവർ സർവ്വ ഖജനാവുകളും, സമയം, ശക്തി അതുപോലെ സ്ഥൂല ധനത്തെ ലൗകികത്തിൽ മിതവ്യയം ചെയ്ത് അലൗകിക കാര്യത്തിൽ ഉദാരഹൃദയത്തോടെ ഉപയോഗിക്കുന്നു. ഇങ്ങനെയുള്ള യുക്തിയുക്തരും, രഹസ്യയുക്തരുമായ കുട്ടികൾ തന്നെയാണ് മഹിമാ യോഗ്യർ.

## സ്ലോഗൻ:- സ്മൃതി സ്വരൂപരായി ഓരോ കർമ്മവും ചെയ്യുന്നവർ തന്നെയാണ് പ്രകാശ സ്തംഭമാകുന്നത്.